പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1293

03/12/2015 ൽ മറുപടിക്ക്

# സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പിലെ സർവ്വേയർമാരുടെ സ്ഥലം മാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ബഷീർ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പിലെ സർവ്വേയർമാരുടെ സ്ഥലം മാറ്റത്തിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ഉണ്ട്.<br>2012 വർഷത്തിൽ പൊതു സ്ഥലംമാറ്റത്തിനായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഒരു ജില്ലയിൽ എത്ര വർഷം സേവനം പൂർത്തിയാക്കിയവരെയാണ് മറ്റൊരു ജില്ലയിലേക്ക് സ്ഥലം മാറ്റത്തിന് പരിഗണിക്കുന്നത്; വിശദമാക്കുമോ; | (ബി) പൊതുവിൽ ഒരു ജില്ലയിൽ 3 വർഷം പൂർത്തിയായവരെയാണ് സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നത്. |
| (സി) പ്രസ്തുത കാലാവധി പൂർത്തിയാക്കിയ എത്ര പേർ ഇടുക്കി ജില്ലയിൽ നിന്നും സ്ഥലം മാറ്റത്തിന് കഴിഞ്ഞ രണ്ട് വർഷത്തിനിടയ്ക്ക് അപേക്ഷ നൽകിയിരുന്നു; അവയിൽ എത്ര പേർക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (സി) ഇടുക്കി ജില്ലയിൽ നിന്ന് അപേക്ഷ ലഭിച്ചവരിൽ നിന്നും, മേൽ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം അർഹരായ 34 പേർക്ക് 2015 ൽ സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. |
| (ഡി) സ്ഥലം മാറ്റ മാനദണ്ഡ പ്രകാരമുള്ള കാലാവധി പൂർത്തിയാക്കാത്ത എത്ര പേർക്ക് ഇടുക്കി ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്; വിശദ വിവരം ലഭ്യമാക്കുമോ? | (ഡി) സ്ഥലംമാറ്റ മാനദണ്ഡപ്രകാരം അർഹരായ-വർക്കാണ് മാറ്റം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

19 117

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

## സംഗ്രഹം

റവന്യൂ - സർവ്വെയും ഭൂരേഖയും വകുപ്പ് - വകുപ്പിലെ ജീവനക്കാരുടെ 2012 ലെ പൊതുസ്ഥലം മാറ്റത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഇ) വകുപ്പ്

സർക്കാർ ഉത്തരവ് (സാധ) നം 734/12/റവന്യു തിരുവനന്തപുരം, 14/02/2012

പരാമർശം :- 1) സർക്കാർ ഉത്തരവ് (പി)നമ്പർ 13/2000/ഉഭപവ തീയതി 27.04.2000
2) സർക്കാർ ഉത്തരവ് (പി)നമ്പർ 12/04/ ഉഭപവ തീയതി 10.09.2004
3) സർവ്വെ ഡയറക്ടറുടെ 31/01/2012 ലെ എ3-30/2012 നമ്പർ കത്ത്

## ഉത്തരവ്

സർവ്വെയും ഭൂരേഖയും വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലമാറ്റം പരാമർശം 1,2 എന്നി ഉത്തരവുകൾക്ക് വിധേയമായാണ് നടന്നുവരുന്നത്. ടി ഉത്തരവുകൾക്ക് പുറമേ, വകുപ്പിൽ 2012 വർഷത്തിലെ പൊതുസ്ഥലം മാറ്റത്തിനായി കണക്കാക്കാവുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 3 കത്തുകൾ പ്രകാരം സർക്കാരിന്റെ പരിഗണനക്കും അംഗീകാരത്തിനുമായി സർവ്വെ ഡയറക്ടർ സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും സർവ്വെയും ഭൂരേഖയും വകുപ്പിലെ ജീവനക്കാരുടെ 2012 വർഷത്തിലെ പൊതുസ്ഥലം മാറ്റത്തിന് ചുവടെ കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്യുന്നു.

1. ഇടുക്കി ജില്ലയിൽ നിർബന്ധമായും രണ്ടു വർഷത്തെ സേവനം അനുഷ്ഠിച്ചിരിക്കണം.
2. സർവെയും ഭൂരേഖയും വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർ, ജോലിയിൽ പ്രവേശിച്ച്, 10 വർഷത്തിനുള്ളിൽ തൃശ്ശൂർ ജില്ലയ്ക്ക് അപ്പുറമുള്ള വടക്കൻ ജില്ലകളിൽ മൂന്നു വർഷമെങ്കിലും നിർബന്ധമായും സേവനം അനുഷ്ഠിച്ചിരിക്കണം.
3. ഒരു ജീവനക്കാരന്റെ ഔദ്യോഗിക സേവന കാലത്തിൽ താലൂക്ക് സർവെയർ/ അഡീഷണൽ താലൂക്ക് സർവെയർ തസ്തികയിൽ രണ്ടു വർഷത്തിൽ കൂടുതൽ സേവനം പാടില്ല

4. ജില്ലാ എസ്റ്റാബ്ലിഷ്മെന്റിൽ ഉള്ള സർവെ വിഭാഗം ജീവനക്കാർ രണ്ടു വർഷം കഴിയുമ്പോൾ റീസർവ്വേയിൽ ജോലി ചെയ്തിരിക്കണം.
5. എൽ. ആർ. എം. ൽ ഒരു കാരണവശാലും രണ്ടു വർഷത്തിൽ കൂടുതൽ സേവനം പാടില്ല.
6. കേരള ലാന്റ് ഇൻഫർമേഷൻ മിഷനിൽ ഒരു കാരണവശാലും രണ്ടു വർഷത്തിൽ കൂടുതൽ സേവനം പാടില്ല.
7. വർഷത്തിൽ പൊതു സ്ഥലം മാറ്റം നടത്തുന്ന അവസരത്തിലല്ലാതെ മറ്റു സമയങ്ങളിൽ സ്ഥലം മാറ്റം അനുവദനീയമല്ല. എന്നാൽ ഓഫീസിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിനും പൊതുതാൽപ്പര്യ ത്തിനും ഒരു ജീവനക്കാരനെ സ്ഥലം മാറ്റേണ്ടതോ, ജോലിയിൽ പ്രവേശിപ്പിക്കേണ്ടതോ ആയ സാഹചര്യം ഉണ്ടെങ്കിൽ ഈ നിബന്ധന ബാധകമാക്കേണ്ടതില്ല.
8. നിയമന ജില്ലയിൽ പ്രൊബേഷൻ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ മേലധികാരി ശുപാർശ ചെയ്യുവാൻ പാടുള്ളൂ.
9. ഏത് ജില്ലയിലാണോ ജോലി ക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്യുന്നത്, പ്രസ്തുത സേവന കാലം ടി ജില്ലയിലെ സേവനകാലമായി പരിഗണിക്കുന്നതാണ്.
10. സഹതാപാർഹ സാഹചര്യത്തിലുള്ള സ്ഥലം മാറ്റ അപേക്ഷയിന്മേൽ വ്യക്തമായ അന്വേഷണം നടത്തി മാത്രമേ മേലധികാരികൾ ശുപാർശ ചെയ്യാൻ പാടുള്ളൂ.
11. സർവെയും ഭൂരേഖയും വകുപ്പിൽ നിന്നും ലാന്റ് ബാങ്ക് / ക്ലിം/ ഫോറസ്റ്റ് മിനി സർവ്വേ / എൽ.ആർ.എം ഉൾപ്പെടെ ഇതര വകുപ്പുകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ അല്ലാതെയോ രണ്ടു വർഷത്തിൽ കൂടുതൽ സേവനം അനുവദിക്കുന്നതല്ല.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**കെ.കെ.ജയമോഹനദാസ്**
അണ്ടർ സെക്രട്ടറി

സർവ്വെ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A & E), കേരള തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ്

K. SURESH KUMAR
Section Officer
Revenue Department
Govt. Secretariat, Tvpm